**04-11-2025**

**പത്രക്കുറിപ്പ്**

**ഒരു കോടി തൈകൾ നട്ട്**
**ഒരു തൈ നടാം വൃക്ഷവൽക്കരണ ക്യാമ്പയിൻ പൂർത്തീകരണ പ്രഖ്യാപനം**
**വ്യാഴാഴ്ച (06.11.2025)**

ഈ വർഷത്തെ ലോക പരിസ്ഥിതി ദിനത്തിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനമൊട്ടാകെ ഒരു കോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാൻ ലക്ഷ്യമിട്ടാരംഭിച്ച ഒരു തൈ നടാം ജനകീയ വൃക്ഷവൽക്കരണ പരിപാടി ലക്ഷ്യം കൈവരിച്ചു. ക്യാമ്പയിന്റെ സംസ്ഥാനതല പൂർത്തീകരണ പ്രഖ്യാപനം 2025 നവംബർ 6 ന് തൃശൂർ ടൗൺ ഹാളിൽ നടക്കുന്ന ചടങ്ങിൽ ബഹു. ലാൻഡ് റവന്യൂ വകുപ്പ് മന്ത്രി ശ്രീ. കെ. രാജൻ നിർവഹിക്കും. തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വി.എസ്. പ്രിൻസ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്ററും ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സണുമായ ഡോ. ടി.എൻ. സീമ ക്യാമ്പയിൻ റിപ്പോർട്ടവതരിപ്പിക്കും. ബൃഹത്തായ ഈ ക്യാമ്പയിനിൽ സംസ്ഥാനമൊട്ടാകെ പ്രാദേശികമായും ജനകീയമായും 1,05,52,511 തൈകളാണ് ശേഖരിച്ചത്.

ക്ലിഫ് ഹൗസ് അങ്കണത്തിൽ കുളമാവ് തൈ നട്ട് ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനാണ് ഒരു തൈ നടാം ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിന് തുടക്കം കുറിച്ചത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണ ക്യാമ്പയിൻ വിജയത്തിന് പ്രധാന ഘടകമായി. വിദ്യാർഥികൾ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, ഹരിതകർമസേനാംഗങ്ങൾ, ജീവനക്കാർ, റസിഡന്റ്സ് അസോസിയേഷനുകൾ, ആരാധനാലയങ്ങൽ, വായനശാലകൾ, സാമൂഹിക രാഷ്ട്രീയ സംഘടനകൾ തുടങ്ങി സമസ്ത ജനവിഭാഗങ്ങളെയും പങ്കെടുപ്പിച്ചാണ് ക്യാമ്പയിൻ സംഘടിപ്പിച്ചത്. വംശനാശ ഭീഷണി നേരിടുന്ന വൃക്ഷങ്ങളുടെ തൈകൾ നട്ടുപിടിപ്പിക്കുന്നതിന് പ്രത്യേക ശ്രദ്ധ വച്ചു.

ക്യാമ്പയിന്റെ ഭാഗമായി ലോക സൗഹൃദ ദിനത്തിലും തുടർന്നുള്ള ദിവസങ്ങളിലുമായി സുഹൃത്തുക്കൾ തമ്മിൽ വൃക്ഷത്തൈകൾ കൈമാറുന്ന ചങ്ങാതിക്കൊരു തൈ പരിപാടി സ്കൂളുകളിലും കോളേജുകളിലും വിദ്യാർഥികൾ ആവേശത്തോടെയാണ് വരവേറ്റത്. ഓഫീസുകൾ, സ്ഥാപനങ്ങൾ, ഗ്രന്ഥശാലകൾ എന്നിവിടങ്ങളിലും ചങ്ങാതിക്കൊരു തൈ പരിപാടി നടന്നു. വൃക്ഷത്തൈകൾ നട്ട സ്ഥലവും തൈകളുടെ വളർച്ച നിരീക്ഷിക്കുന്നതിന് കേരള സാങ്കേതിക സർവകലാശാലയുടെ പിന്തുണയോടെ ജിയോ ടാഗിംഗ് സംവിധാനവും ഏർപ്പെടുത്തി വരികയാണെന്ന് ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ അറിയിച്ചു. ഹരിതകേരളം മിഷൻ നടപ്പാക്കി വരുന്ന പച്ചത്തുരുത്ത് പദ്ധതിയുടെ വ്യാപനവും ക്യാമ്പയിനിൽ ഉൾപ്പെടുത്തിയിരുന്നു. ക്യാമ്പയിനിൽ മികച്ച പ്രവർത്തനം നടത്തിയവർക്കുള്ള പുരസ്കാര വിതരണവും നവംബർ 6 ന് നടക്കും. ചടങ്ങിൽ തൃശൂർ കോർപറേഷൻ മേയർ ശ്രീ. എം.കെ. വർഗീസ് മുഖ്യാതിഥിയാകും. സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ ഡോ. ജിജു പി. അലക്സ് ക്യാമ്പയിൻ വീഡിയോ പ്രകാശനം ചെയ്യും. കേരള മുനിസിപ്പൽ ചെയർമാൻസ് ചേംബർ ചെയർമാൻ ശ്രീ. എം. കൃഷ്ണദാസ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജില്ലാ സെക്രട്ടറി ശ്രീ. ടി.വി. സുരേന്ദ്രൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ ജില്ലാ സെക്രട്ടറി ശ്രീ. കെ.ആർ. രവി, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ ശ്രീ. രഞ്ജിത് ഡി. ഐ.എ.എസ്, കെ.എഫ്.ആർ.ഐ. ഡയറക്ടർ ശ്രീ. കണ്ണൻ സി.എസ്. വാര്യർ, ഔഷധി മാനേജിംഗ് ഡയറക്ടർ ശ്രീ. ഹൃദിക് ടി.കെ., മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ഡയറക്ടർ ശ്രീ. എൻ.എസ്. പ്രദീപ്, തൃശൂർ ഫോറസ്ടി ഡിവിഷൻ അസി. കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ശ്രീ. ടി.കെ. മനോജ്, പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീ. നിംബ ഫ്രാങ്കോ, തൃശൂർ ജില്ലാ കളക്ടർ ശ്രീ. അർജുൻ പാണ്ഡ്യൻ ഐ.എ.എസ്., നവകേരളം കർമപദ്ധതി തൃശൂർ ജില്ലാ കോർഡിനേറ്റർ ശ്രീമതി ദിദിക സി. എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

**പബ്ലിക് റിലേഷൻസ് ഓഫീസർ**
**9447587632**



R. 1829